(എച്ച്) 1999-2000 വർഷത്തെ പദ്ധതി അടങ്കൽ 3250 കോടി രൂപയാണ്. ഇത് 3267 കോടി രൂപയായി പുതുക്കിയിട്ടുണ്ട്. ഇതിൽ 2000 ഫെബ്രുവരി 29 വരെയുള്ള ചെലവ് 2112.76 കോടി രൂപയാണ്.

(ഐ) കേന്ദ്ര നികുതി വിഹിതത്തിൽ 531.71 കോടി രൂപ കുറവു വരുമെന്ന് കേന്ദ്രം സൂചിപ്പിച്ചിട്ടുണ്ടെങ്കിലും സംസ്ഥാന സർക്കാരിന്റെ പരിമിതികൾക്കകത്തുനിന്നുകൊണ്ട് 3143.65 കോടിയുടെ പദ്ധതി ചെലവാണ് പുതുക്കിയ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്.

ചെലവുചുരുക്കൽ നടപടികളിൽ മാറ്റം

7 (2720) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഏർപ്പെടുത്തിയ ചെലവുചുരുക്കൽ നടപടികളിൽ എത്ര എണ്ണത്തിൽ ഈ സർക്കാർ മാറ്റം വരുത്തി എന്ന് വ്യക്തമാക്കുമോ ;

(ബി) അവ ഏതെല്ലാമെന്നും എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയതെന്നും വ്യക്തമാക്കുമോ ;

(സി) ഡെപ്യൂട്ടേഷൻ അലവൻസ് മുൻ ഗവൺമെന്റ് നിർത്തലാക്കിയിട്ടുണ്ടോ? ആ ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്നു മുതലാണ് ഈ ഉത്തരവ് പിൻവലിച്ചതെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) മാറ്റം വരുത്തിയിട്ടില്ല.

(ബി) മുൻ ഉത്തരവിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(സി) ഉണ്ട്. ഇപ്പോൾ നിലവിലുണ്ട്.

(ഡി) മുൻ ഉത്തരവിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

സാമ്പത്തിക അംഗീകാരം നൽകാത്ത വർക്കുകൾ

8 (2721) പ്രൊഫസർ എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഈ വർഷം ആദ്യം നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ഉൾപ്പെടുത്താത്ത ഏതെങ്കിലും വർക്കുകൾക്ക് സാമ്പത്തിക അംഗീകാരം കൊടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly